**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **22-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് റേഷൻകടകളുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളുടെ ഉടമസ്ഥാവകാശത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം നൽകുന്നതിനായി ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ? | (എ) | കെ.റ്റി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 33(1) പ്രകാരം റേഷൻ കട ലൈസൻസി നിയമനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു യഥാക്രമം 8%, 2% എന്ന രീതിയിൽ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, ഒരു വിഭാഗത്തിനും സംവരണ ആനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 മുൻപും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിന് ശേഷം മാത്രമേ പൊതു വിഭാഗങ്ങളിൽ നിന്നും വിജ്ഞാപനം സ്വീകരിക്കാവൂ എന്ന് ഖണ്ഡിക 33(2)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസര നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിയ്ക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് 06/12/2021 ലെ സ.ഉ(കൈ) നം. 35/2021/ഭ.പൊ.വി.വ പ്രകാരം (അനുബന്ധമായി ചേർക്കുന്നു) പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈസൻസി നിയമനത്തിന് ജില്ലാതലത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം ലൈസൻസി നിയമനങ്ങളിലെ സംവരണം പാലിക്കുന്നതിനുള്ള റൊട്ടേഷൻ ചാർട്ട് അംഗീകരിച്ചുകൊണ്ടും ഓരോ ജില്ലയിലും സംവരണ പ്രകാരമുള്ള ഒഴിവുകൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും സർക്കാർ ഉത്തരവാകുന്നു.

==========================================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(കൈ)നം.35/2021/ഭ.പൊ.വി.വ തീയതി, തിരുവനന്തപുരം, 06/12/2021

==========================================================================

പരാമർശം:- 1. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021
2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 10.09.2021 ലെ (സി.എസ്)എ 9-1178/2021 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം(1) ലെ ഖണ്ഡിക 33(1) പ്രകാരം ലൈസൻസി നിയമനങ്ങളിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ, ഭിന്നശേഷിക്കാർ, വനിത വിഭാഗങ്ങൾക്ക് യഥാക്രമം 8%, 2%, 5%, 20% എന്നിവ ഉൾപ്പെടെ 35% സംവരണമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം ഓരോ ജില്ലയിലുമുള്ള റേഷൻ കടകളുടെ ആകെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ സംവരണ വിഭാഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി, ഒരു വിഭാഗത്തിനും സംവരണ ആനുകൂല്യം നഷ്ടം വരാതെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 (പരാമർശം(1)) ന് മുൻപും ശേഷവും ഉണ്ടായ ഒഴിവുകളിൽ സംവരണ വിഭാഗങ്ങളിലെ ക്വാട്ട നികത്തിയതിന് ശേഷം മാത്രമേ പൊതു വിഭാഗങ്ങളിൽ നിന്നും വിജ്ഞാപനം സ്വീകരിക്കാവൂ എന്ന് ഖണ്ഡിക 33(2)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നിരിക്കെ സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തിയതിനുശേഷം പൊതുവിഭാഗം ഉൾപ്പെടെയുള്ള ഒരു വിഭാഗത്തിനും അവസര നഷ്ടം ഉണ്ടാകാതിരിക്കുന്നതിനായി പി.എസ്.സി. നിയമന രീതിയ്ക്ക് സമാനമായ റൊട്ടേഷൻ ചാർട്ടിനനുസൃതമായി ലൈസൻസി നിയമനം നടത്തുന്നതിന് അനുമതി നൽകണമെന്നും പൊതുവിതരണ ഡയറക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 33(2)ലെ വ്യവസ്ഥ പാലിച്ചുകൊണ്ട് ഓരോ ജില്ലയിലും സംവരണ പ്രകാരമുള്ള ഒഴിവുകൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിച്ച്, നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പൊതുവിഭാഗം ഉൾപ്പെടെ ഒരു വിഭാഗത്തിനും റേഷൻ കട ലൈസൻസി നിയമനങ്ങളിൽ അവസര നഷ്ടമുണ്ടാകാതിരിക്കുന്നതിനായി ഡയറക്ടർ ലഭ്യമാക്കിയ ചുവടെ ചേർത്തിട്ടുള്ള റൊട്ടേഷൻ ചാർട്ട് അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

| സംവരണ തത്വം പാലിച്ചുകൊണ്ട് ലൈസൻസി നിയമനങ്ങൾ നടത്തുന്നതിനുള്ള റൊട്ടേഷൻ ചാർട്ട് | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | G | 21 | G | 41 | G | 61 | G | 81 | G |
| 2 | W | 22 | W | 42 | W | 62 | PWD | 82 | PWD |
| 3 | G | 23 | G | 43 | G | 63 | G | 83 | G |
| 4 | SC | 24 | SC | 44 | ST | 64 | SC | 84 | SC |
| 5 | G | 25 | G | 45 | G | 65 | G | 85 | G |
| 6 | W | 26 | G | 46 | W | 66 | W | 86 | W |
| 7 | G | 27 | G | 47 | G | 67 | G | 87 | G |
| 8 | W | 28 | W | 48 | PWD | 68 | G | 88 | W |
| 9 | G | 29 | G | 49 | G | 69 | G | 89 | G |
| 10 | W | 30 | G | 50 | W | 70 | G | 90 | G |
| 11 | G | 31 | G | 51 | G | 71 | G | 91 | G |
| 12 | SC | 32 | SC | 52 | SC | 72 | SC | 92 | ST |
| 13 | G | 33 | G | 53 | G | 73 | G | 93 | G |
| 14 | PWD | 34 | W | 54 | G | 74 | W | 94 | G |
| 15 | G | 35 | G | 55 | G | 75 | G | 95 | G |
| 16 | G | 36 | G | 56 | G | 76 | G | 96 | G |
| 17 | G | 37 | G | 57 | G | 77 | G | 97 | G |
| 18 | W | 38 | PWD | 58 | W | 78 | W | 98 | W |
| 19 | G | 39 | G | 59 | G | 79 | G | 99 | G |
| 20 | W | 40 | G | 60 | W | 80 | G | 100 | G |

| | |
|---|---|
| G - ജനറൽ | ജനറൽ - 65 |
| W - വനിത | വനിത - 20 |
| PWD - ഭിന്നശേഷി | ഭിന്നശേഷി - 5 |
| SC - പട്ടികജാതി | പട്ടികജാതി - 8 |
| ST - പട്ടികവർഗ്ഗം | പട്ടികവർഗ്ഗം - 2 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടീക്കാറാം മീണ ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ഓഡിറ്റ്) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറി-11 ന്റെ പി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്